"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്രമത്തിനെതിരെ ശ്രീ.റ്റി.ജി.പോൾ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും, ടിയാൻ ഫയൽ ചെയ്ത WP(C)No.42837/2025-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.561/2026/AGRI തീയതി,തിരുവനന്തപുരം, 18-06-2026

---

പരാമർശം:- 1. ആലപ്പുഴ ജില്ലാ കളക്ടറുടെ 24.01.2025-ലെ DCALP/5896/2024-C14 നമ്പർ നടപടിക്രമം.

2. ശ്രീ.റ്റി.ജി.പോൾ ഫയൽ ചെയ്ത WP(C)No.42837/2025-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 18.11.2025-ലെ വിധിന്യായം.

3. ശ്രീ.റ്റി.ജി. പോൾ സർക്കാരിൽ സമർപ്പിച്ച 28.11.2025-ലെ റിവിഷൻ ഹർജി.

4. മുഹമ്മ കൃഷി ഓഫീസറുടെ 27.02.2026-ലെ KBM7/25-26 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ തണ്ണീർമുക്കം തെക്ക് വില്ലേജിൽ ബ്ലോക്ക് നം. 35-ൽ റീസർവ്വേ നം. 97/7 A യിലെ 35.93 ആർസ് വിസ്തീർണ്ണമുള്ളതും സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ വസ്തു അനധികൃതമായി പരിവർത്തനം നടത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീ.റ്റി.ജി.പോൾ ഫയൽ ചെയ്ത WP(C)No.42837/2025-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവിഷൻ ഹർജി പരിശോധിച്ച് തീർപ്പാക്കുന്നതിനും പരാമർശം (2) പ്രകാരം ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

2. പ്രസ്തുത റിവിഷൻ ഹർജിക്കാരന്റെ വാദഗതികൾ ചുവടെ ചേർക്കും പ്രകാരമാണ്: വില്ലേജ് റെക്കോർഡിൽ സ്ഥലം പുരയിടം ആണ്. സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ തനിക്കെതിരെ ജില്ലാ കളക്ടർ പുറപ്പെടുവിച്ച സെക്ഷൻ 13 നടപടിക്രമം നിയമവിരുദ്ധമാണ്. ആയത് താൻ ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും, കോടതി

സർക്കാരിൽ റിവിഷൻ ഹർജി ഫയൽ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ജില്ലാ കളക്ടർ, കൊല്ലം Vs തങ്ങൾ കുഞ്ഞ് എന്ന കേസിൽ BT രജിസ്റ്ററിലും സെറ്റിൽമെന്റ് രജിസ്റ്ററിലും സ്ഥലത്തിന്റെ സ്വഭാവം സംബന്ധിച്ച പരസ്പര വിരുദ്ധമായ entry വരുകയാണെങ്കിൽ BT രജിസ്റ്ററിലെ entry നിലനിൽക്കും എന്ന് ബഹു.ഹൈക്കോടതി വിധിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്ഥലം പുരയിടം ആണ്. സെറ്റിൽമെന്റ് രജിസ്റ്ററിൽ നിലം എന്ന് രേഖപ്പെടുത്തിയ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്ന് Ramlath A Supra എന്ന കേസിൽ ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. James Antony Alosiuos Vs RDO, Alappuzha(2025(4) KHC 491) എന്ന കേസിൽ ഒരു വസ്തു ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം LLMC-യ്ക്ക് നൽകാൻ RDO-യ്ക്ക് അധികാരമില്ലെന്ന് വിധിച്ചിരുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ സെക്ഷൻ 13 നടപടിക്രമം നിലനിൽക്കില്ലെന്ന് Shyju Parumala John Vs District Collector,Pathanamthitta (2025 KHC Online 10444) എന്ന കേസിലും ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ 2008-ലെ ആക്ട് നിലവിൽ വരുന്നതിനു മുമ്പേ സ്ഥലം നികന്ന അവസ്ഥയിലും ആയിരുന്നു.

3. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ ജില്ലാ കളക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കക്ഷി സ്ഥലം അനധികൃതമായി നികത്തി. റീസർവ്വേ റിക്കാർഡുകൾ പ്രകാരം പുരയിടമാണ്. കുറച്ചു സ്ഥലം നികത്തി പച്ചകറി കൃഷി ചെയ്തു വരുന്നു. വസ്തു ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല. പാടശേഖരത്തിന്റെ ഭാഗമല്ല. കണ്ടൽക്കാടുകൾ നിറഞ്ഞ ചതിപ്പായി സ്ഥലം കാണപ്പെടുന്നു. സ്വാഭാവിക നീരൊഴുക്കിനെ ബാധിച്ചതായി കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. BTR പ്രകാരം പുരയിടം ആണെങ്കിലും സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലമാണ്. റീ.സർവ്വേയിൽ വന്ന പിഴവാണ് വസ്തുവിനെ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താതിരുന്നത്. ഉടൻ തന്നെ വസ്തു ഡാറ്റ ബാങ്കിൽ ഉൾപ്പെടുത്താൻ LLMC-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കൃഷി ഓഫീസർ പരാമർശം (4) പ്രകാരം ചുവടെ ചേർക്കുന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. LLMC കൂടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താൻ ആയി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ചതുപ്പ് പ്രദേശമാണ്. പകുതി സ്ഥലം മണ്ണിട്ട് നികത്തിയിട്ടുണ്ട്.

5. പ്രസ്തുത റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി 28.02.2026-ന് കൃഷി വകുപ്പ് അണ്ടർ സെക്രട്ടറി ഓൺലൈൻ മുഖാന്തിരം ഹിയറിംഗ് നടത്തി. കക്ഷിക്ക് വേണ്ടി അഡ്വ.ജോബി ഹാജരായി. മുഹമ്മ കൃഷി ഓഫീസറും കളക്ടറേറ്റിൽ നിന്ന് ജൂനിയർ സൂപ്രണ്ടും ഹിയറിങ്ങിൽ പങ്കെടുത്തു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ സെക്ഷൻ 13 നടപടിക്രമം എടുത്തത് നിയമവിരുദ്ധമാണെന്നും ബഹു.ഹൈക്കോടതി ഇക്കാര്യം നിരവധി വിധിന്യായങ്ങളിലൂടെ പ്രസ്താവിച്ചിട്ടുണ്ട് എന്നും അഡ്വക്കേറ്റ് അറിയിച്ചു. ശരിയായി സ്ഥലപരിശോധന നടത്താതെയും നിയമവശങ്ങൾ പരിശോധിക്കാതെയുമാണ് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്. 2008-നു മുൻപേ നികന്ന സ്ഥലത്തിനെയാണ് കൃഷി ഓഫീസർ കണ്ടൽക്കാട് ഉള്ള പ്രദേശം എന്നൊക്കെ തെറ്റായി വിശദീകരിച്ചിട്ടുള്ളത്. കൃഷി ഓഫീസറിൽ നിന്നും ലഭിച്ച തെറ്റായ വിവരങ്ങളുടെ ആധികാരികത ജില്ലാ കളക്ടർ പരിശോധിച്ചിട്ടില്ല. നിയമത്തിൽ അജ്ഞതയുണ്ടെങ്കിൽ ജില്ലാ കളക്ടർക്ക് നിയമോപദേശം ആവശ്യപ്പെടാമായിരുന്നു. ആകയാൽ നടപടിക്രമം ഒന്നാകെ റദ്ദ് ചെയ്യണമെന്ന് അഡ്വക്കേറ്റ് വാദിച്ചു.

6. സമാനമായ വിഷയത്തിൽ നിയമ വകുപ്പിൽ നിന്നും താഴെപ്പറയും പ്രകാരമുള്ള നിയമോപദേശം ലഭിച്ചിട്ടുണ്ട്:

"Kaipadath Property Development Company (Pvt) Limited Vs State of Kerala (2011 (1) KHC 291) എന്ന കേസിൽ ബഹു.ഹൈക്കോടതി ഇപ്രകാരം ഉത്തരവായിട്ടുള്ളതാണ്:

"The question therefore arises whether the District Collector was right in invoking the powers under Section 13 of the Act without identifying whether the land is paddy land or wet land or is converted at least partially,by the Committee.Evidently,the power under Section 13 could be invoked only if it is a paddy land.One thing that is to be noticed under the provisions of the Act is that even though Section 11 provides for prohibition for filling up of wet land,there is no provision conferring power on any authorities,under the Act to direct restoration to the original position of any wet land.As explained by the Division Bench in Praveen's case (2010(2) KLT 617) ,as far as conversion of wet land is concerned,no authority can grant permission also under the provisions of the Act.But still violation can occur.Absence of a similar provision like Section 13,therefore is a lacuna which has to be gone into by the legislature itself,as this court cannot legislate on such matters."

മേൽ സാഹചര്യത്തിൽ 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 5(4) പ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 13 പ്രകാരം സ്വീകരിച്ച ജില്ലാ കലക്ടറുടെ നടപടി ക്രമപ്രകാരമല്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."

7. മേൽ റിപ്പോർട്ടുകളുടേയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടേയും ഇത് സംബന്ധിച്ച് ബഹു.ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിവിധ വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമം നിയമവിരുദ്ധമാണെന്ന് കാണുന്നു. ആയതിനാൽ ശ്രീ.റ്റി.ജി.പോൾ സമർപ്പിച്ച പരാമർശം (3) റിവിഷൻ ഹർജി പരിഗണിച്ച്, ജില്ലാ കളക്ടറുടെ പരാമർശം (1) നടപടിക്രമം റദ്ദ് ചെയ്യും, അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഭിലാഷ് എസ്

അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
2. ശ്രീ.റ്റി.ജി.പോൾ, S/o.ജോർജ്ജ്, പട്ടാര താന്നിക്കൽ, മുഹമ്മ പി.ഒ., ആലപ്പുഴ-688525.
3. ജില്ലാ കളക്ടർ, ആലപ്പുഴ.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ആലപ്പുഴ.
5. കൃഷി ഓഫീസർ, കൃഷി ഭവൻ മുഹമ്മ, കായിപ്പുറം, ആലപ്പുഴ.
6. വില്ലേജ് ഓഫീസർ, തണ്ണീർമുക്കം സൗത്ത് വില്ലേജ് ഓഫീസ്, ആലപ്പുഴ.
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).

8. കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.NCA2/12/2026-AGRI).

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 18-06-2026 11:20:40
സെക്ഷൻ ഓഫീസർ